# ഹയർസെക്കൻഡറി ഏകജാലകപ്രവേശനം 2018

## *ട്രയൽ അലോട്ട്മെന്റ്*

## അപേക്ഷകർക്കുള്ള നിർദ്ദേശങ്ങൾ

### സാധ്യതാലിസ്റ്റ്

ഈ വർഷത്തെ പ്ലസ്‌വൺ പ്രവേശനത്തിന്റെ ട്രയൽ അലോട്ട്മെന്റ് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. ട്രയൽ അലോട്ട്മെന്റിനെക്കുറിച്ച് ഏകജാലകപ്രവേശനത്തിന്റെ പ്രോസ്പെക്ടസിൽ നിങ്ങൾ വായിച്ചിട്ടുണ്ടാകുമല്ലോ? ജൂൺ 12 ന് പ്രസിദ്ധീകരിക്കുന്ന ആദ്യ അലോട്ട്മെന്റിന്റെ ഒരു സാധ്യതാ ലിസ്റ്റ് മാത്രമാണ് ട്രയൽ അലോട്ട്മെന്റ് ലിസ്റ്റ്. അതുകൊണ്ട് തന്നെ ട്രയൽ *റിസൾട്ട്* പ്രകാരം ലഭിക്കുന്ന അലോട്ട്മെന്റ് ലെറ്റർ ഉപയോഗിച്ച് ഒരു സ്കൂളിലും പ്രവേശനം നേടാനാവില്ല. പ്രവേശനം നേടുന്നതിന് ആദ്യ അലോട്ട്മെന്റ് ലിസ്റ്റ് വരുന്നത് വരെ കാത്തിരിക്കണം. എന്നാൽ നിങ്ങളുടെ അപേക്ഷാവിവരങ്ങളിൽ തെറ്റുകൾ കടന്നുകൂടിയിട്ടുണ്ടെങ്കിൽ അവ തിരുത്താനുള്ള അവസാന അവസരമാണ് ഈ ട്രയൽ അലോട്ട്മെന്റ്. കൂടാതെ ഈ ഘട്ടത്തിൽ ആവശ്യമെങ്കിൽ നേരത്തെ നൽകിയ ഓപ്ഷനുകൾ പുനക്രമീകരിക്കുകയോ, പുതിയവ കൂട്ടിച്ചേർക്കുകയോ ചെയ്യാം.

### WGPA യും അപേക്ഷാവിവരങ്ങളും പരിശോധിക്കണം

ട്രയൽ അലോട്ട്മെന്റ് ലിസ്റ്റ് എല്ലാ അപേക്ഷകരും നിർബന്ധമായി പരിശോധിക്കണം. അപേക്ഷാവിവരങ്ങളും WGPAയും കൃത്യമാണെന്ന് ഉറപ്പുവരുത്തണം. WGPA കണക്കാക്കുന്ന രീതി പ്രോസ്പെക്ടസിൽ നിന്നും നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ടെന്ന് കരുതുന്നു.

### തിരുത്തുവാൻ കഴിയുന്ന അപേക്ഷാവിവരങ്ങൾ

അപേക്ഷാവിവരങ്ങളിൽ ഓപ്ഷനുകൾ ഉൾപ്പെടെയുള്ള തിരുത്തലുകൾ ഇനിയും വരുത്താവുന്നതാണ്. അലോട്ട്മെന്റിനെ നിർണായകമായി സ്വാധീനിക്കുന്ന ജാതി സംവരണ വിവരങ്ങൾ, ബോണസ് പോയിന്റ് ലഭിക്കുന്ന വിവരങ്ങൾ, താമസിക്കുന്ന പഞ്ചായത്തിന്റെയും താലൂക്കിന്റെയും വിവരങ്ങൾ, ടൈ ബ്രേക്കിന് പരിഗണിക്കുന്ന മറ്റ് പാഠ്യേതര പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ(കലാകായിക മേളകൾ, ക്ലബ്ബുകൾ മുതലായവ) എന്നിവ സംബന്ധിച്ച് നിങ്ങളുടെ അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്നത് ശരിയാണെന്ന് ഉറപ്പ് വരുത്തണം. ഇത്തരം വിവരങ്ങൾ തെറ്റായി രേഖപ്പെടുത്തിയിരുന്നാൽ പ്രവേശനം നിഷേധിക്കപ്പെടും. അതുകൊണ്ട് തിരുത്തലുകൾ വരുത്തുവാനുള്ള ഈ **അവസാന** അവസരം ഫലപ്രദമായി വിനിയോഗിക്കുക. ചില അപേക്ഷകളിൽ ജാതി, കാറ്റഗറി മുതലായ വിവരങ്ങൾ രേഖപ്പെടുത്തിയതിൽ ചില പൊരുത്തക്കേടുകൾ കാണുന്നുണ്ട്. ഉദാഹരണമായി ഈഴവ എന്ന് ജാതി രേഖപ്പെടുത്തിയ ചില അപേക്ഷകർ കാറ്റഗറിയായി ഈഴവ എന്നതിന് പകരം ഹിന്ദു ഒ.ബി.സി. എന്നാണ് രേഖപ്പെടുത്തിക്കാണുന്നത്. ഇത്തരം തെറ്റുകൾ തിരുത്താതിരുന്നാൽ അലോട്ട്മെന്റ് ലഭിച്ചാലും പ്രവേശനം ലഭിക്കില്ല. **ആയതിനാൽ എല്ലാ അപേക്ഷകരും പ്രോസ്പെക്ടസിലെ അനുബന്ധം 2 ലെ നിർദേശങ്ങളനുസരിച്ചുള്ള ജാതിയും കാറ്റഗറിയും തന്നെയാണ് രേഖപ്പെടുത്തിയിരിക്കുന്നതെന്ന് ഉറപ്പ് വരുത്തണം. അപേക്ഷ സമർപ്പിച്ചതിനുശേഷം റീ-വാലേഷനിൽ ലഭിച്ച മാർക്കുകൾ ഈ അവസരത്തിൽ അപ്ഡേറ്റ് ചെയ്യാവുന്നതാണ്. ഇതിനായി റീ-വാലേഷനിൽ ലഭിച്ച മാർക്കിൻെറ രേഖകൾ സഹിതംതിരുത്തലിനുള്ള അപേക്ഷ വെരിഫിക്കേഷനായി അപേക്ഷ സമർപ്പിച്ച സ്കൂളിൽ സമർപ്പിക്കണം.**

### റാങ്ക് പരിശോധന

റാങ്ക് പരിശോധിക്കുമ്പോൾ ട്രയൽ അലോട്ട്മെന്റിലോ ആദ്യ അലോട്ട്മെന്റിലോ കടന്നുകൂടാൻ കഴിയാത്ത വിദ്യാർത്ഥികൾക്ക് റാങ്ക് നമ്പർ സംബന്ധിച്ച് ചില ആശങ്കകൾ ഉണ്ടാകാം. ഉദാഹരണത്തിന് അപേക്ഷിച്ച സ്കൂളിൽ 60 സീറ്റുകൾ മാത്രമാണുള്ളതെന്ന് വിദ്യാർത്ഥിക്കറിയാമെന്നിരിക്കട്ടെ, റാങ്ക് പരിശോധിക്കുമ്പോൾ മുന്നൂറിനോ നാനൂറിനോ മുകളിലുള്ള റാങ്കാണെന്ന് കാണുമ്പോൾ തനിക്ക് ഈ സ്കൂളിൽ ഒരിക്കലും പ്രവേശനം ലഭിക്കില്ലെന്ന്

ആ വിദ്യാർത്ഥിക്ക് തോന്നാം. എന്നാൽ ഈ ആശങ്കയ്ക്ക് യാതൊരടിസ്ഥാനവുമില്ല. കാരണം പ്രസ്തുത സ്കൂളിലെ വിഷയകോംബിനേഷൻ ഏതെങ്കിലും ഓപ്ഷനായി നൽകിയിട്ടുള്ള ജില്ലയിലെ എല്ലാ അപേക്ഷകരുടെയും റാങ്കാണ് ഇവിടെ കണക്കാക്കിയിരിക്കുന്നത്. ഈ അപേക്ഷകരെല്ലാം ഇതേ സ്കൂളിന്റെ അലോട്ട്മെന്റ് ലിസ്റ്റിൽ വരണമെന്നില്ല. അപേക്ഷകരുടെ മെരിറ്റനുസരിച്ച് കൂടുതൽ മെച്ചപ്പെട്ട അവരുടെ മറ്റ് ഓപ്ഷനുകളിൽ അലോട്ട്മെന്റ് ലഭിക്കാം. അതുകൊണ്ട് താഴ്ന്ന റാങ്കുകാർക്കും അലോട്ട്മെന്റ് ലഭിക്കാനിടയുണ്ട്.

## തെറ്റായ വിവരങ്ങൾ അപേക്ഷയിലുണ്ടായാൽ

ബോണസ് പോയിന്റുകൾ ലഭിക്കുന്ന വിവരങ്ങൾ, ടൈ ബ്രേക്കിനുപയോഗിക്കുന്ന വിവരങ്ങൾ, അപേക്ഷകന്റെ കാറ്റഗറി മുതലായവ ഉൾപ്പെടെ അലോട്ട്മെന്റിനെ ബാധിക്കുന്ന ഒന്നും പ്രോസ്പെക്ടസിൽ ആവശ്യപ്പെട്ടിരിക്കുന്ന സർട്ടിഫിക്കറ്റുകളില്ലാതെ അവകാശപ്പെടരുത്. ഇങ്ങനെ ലഭിക്കുന്ന അലോട്ട്മെന്റുകൾ സർട്ടിഫിക്കറ്റുകൾ ഹാജരാക്കാതിരുന്നാൽ റദ്ദാക്കുകയും വിദ്യാർത്ഥിയുടെ പ്രവേശനാവസരം നഷ്ടപ്പെടുകയും ചെയ്യും.

### വിഭിന്നശേഷി വിഭാഗത്തിലുള്ള വിദ്യാർത്ഥികൾ സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ നടത്തിയ ശേഷം ജില്ലാസമിതി നൽകിയ റഫറൻസ് നമ്പർ അപേക്ഷയിൽ ഉൾപ്പെടുത്തണം.

പ്രായോഗിക വിഷയങ്ങളുള്ള വിഷയങ്ങൾ ഓപ്ഷനായി നൽകിയാലുമില്ലെങ്കിലും ഈ വിഭാഗത്തിൽ സംവരണം ആവശ്യപ്പെടുന്ന അപേക്ഷകർ വൈകല്യം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ജില്ലാതല കൗൺസലിങ് സമിതിയിലെ അംഗത്തിനെയോ/അംഗങ്ങളേയോ കൊണ്ട് വെരിഫിക്കേഷൻ നടത്തി അവർ നൽകുന്ന റഫറൻസ് നമ്പർ അപേക്ഷയിലുൾപ്പെടുത്തണം. അല്ലാത്ത പക്ഷം ഈ വിഭാഗത്തിലെ സംവരാണാനുകൂല്യം ലഭിക്കുന്നതല്ല.

## ട്രയൽ പരിശോധിക്കാനുള്ള സമയപരിധി

ജൂൺ 6 വരെ അപേക്ഷകർക്ക് ട്രയൽ അലോട്ട്മെന്റ് ലിസ്റ്റ് പരിശോധിക്കാം. എന്തെങ്കിലും തിരുത്തലുകൾ ആവശ്യമാണെങ്കിൽ **നിശ്ചിത മാതൃകയിൽ തിരുത്തലുകൾക്കുള്ള അപേക്ഷ അനുബന്ധരേഖകൾ സഹിതം** ജൂൺ 6 വൈകിട്ട് 4 മണിക്ക് മുമ്പ് നേരത്തെ അപേക്ഷ നൽകിയ സ്കൂളിൽ സമർപ്പിക്കണം. അപേക്ഷയിൽ വിദ്യാർത്ഥിയുടെ അപേക്ഷാനമ്പറും, പേരും, SSLC രജിസ്റ്റർ നമ്പറും, വിദ്യാർത്ഥിയുടെ ഒപ്പും, രക്ഷകർത്താവിന്റെ ഒപ്പും, തിരുത്തേണ്ട വിവരങ്ങളുടെ വിശദാംശങ്ങളും ഉണ്ടായിരിക്കണം. തിരുത്തുവാനുള്ള അപേക്ഷകൾ സ്കൂളിൽ നൽകിയശേഷം രസീത് ചോദിച്ചുവാങ്ങുക.

**ഡയറക്ടർ**